ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിന്റെ സൗജന്യപാസ്സ്.

* 230. [20] ശ്രീ. പി. കുഞ്ഞച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി ദയവു മറുപടി പറയുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽനിന്നും ആർക്കെല്ലാം എതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യപാസ്സ് നൽകിയിട്ടുണ്ട് ;

(ബി) വളരെക്കൂടുതൽ ജോലിത്തിരക്കുള്ളവരും, സഞ്ചരിക്കേണ്ടവരും, പൊതുജന പ്രതിനിധികളും, സേവകന്മാരുമായ എം. എൽ. എ. മാർക്കും സൗജന്യപാസ്സ് നൽകുന്നതിനു ഗവണ്മെൻറ് വല്ല നടപടിയും സ്വീകരിക്കുന്നുണ്ടോ :

(സി) ഇല്ലെങ്കിൽ സ്വീകരിക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ എല്ലാ ജീവനക്കാർക്കും സൗജന്യപാസ്സ് നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്തെ പ്രധാന വാർത്താവിതരണസംഘടനകളുടേയും പ്രതിദിനപത്രങ്ങളുടേയും പ്രതിനിധികൾക്കും, ഭാരത സേവാസമാജത്തിന്റെ തിരുവനന്തപുരം ശാഖയുടെ പ്രസിഡൻറിനും സെക്രട്ടറിക്കും സൗജന്യപാസ്സ് കൊടുത്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർക്കു മാത്രം സൗജന്യപാസ്സ് നൽകുക എന്ന പൊതുതത്വമാണ് ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്നത്. ഇതിനു വ്യത്യസ്തമായി മേൽപ്പറഞ്ഞവർക്കു മാത്രമേ നൽകുന്നുള്ളൂ. കൂടുതലായി ആർക്കും തന്നെ ഇതു അനുവദിക്കണമെന്നു വിചാരിക്കുന്നില്ല.

ഇറിഗേഷൻ പദ്ധതി.

* 231. [31] ശ്രീ. പി. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) 1955-56 ഇറിഗേഷൻ പദ്ധതിക്കുവേണ്ടി തിരുവിതാംകൂർ-കൊച്ചിക്കു അനുവദിച്ചിട്ടുള്ള ആകെ തുക എത്ര;

(ബി) ഇറിഗേഷൻ അനുസരിച്ചുള്ള വർദ്ധനവുണ്ടായി തിരഞ്ഞെടുത്തിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാം?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) രൂപ 1,82,05,000.

(ബി) ജലസേചനപദ്ധതികൾ സ്റ്റേറിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്.

State Transport Service

* 232. [34] SHRI V. P. PARAMESWARAN NAMBOODIRI : Will the Minister for Works be pleased to state :

(a) whether the State Transport Service has been extended to any route since February, 1956 ;

LIBRARY ARCHIVES Kerala Legislative Assembly